# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .1324** 14.06.2013- ലെ മറുപടിക്ക്

## വാർഷിക പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ:<br>,, ബെന്നി ബെഹനാൻ:<br>,, ജോസഫ് വാഴക്കൻ:<br>,, തേറമ്പിൽ രാമകൃഷ്ണൻ: | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്ര ആസൂത്രണ കമ്മീഷൻ മുമ്പാകെ നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപയ്ക്കുള്ള വാർഷിക പദ്ധതിയാണ് സമർപ്പിച്ചതെന്നും എത്ര തുകയ്ക്കുള്ള പദ്ധതിയാണ് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) | 17000 കോടി രൂപയ്ക്കുള്ള വാർഷിക പദ്ധതിയാണ് (2013–14) കേരളം ആസൂത്രണ കമ്മീഷന് സമർപ്പിച്ചത്. ഇത് ആസൂത്രണ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലകൾക്കാണ് പ്രസ്തുത വാർഷിക പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) | മൃഗസംരക്ഷണം, ക്ഷീരവികസനം, സഹകരണം, വൻകിട ചെറുകിട ജലസേചനം, റോഡുകളും പാലങ്ങളും, സിവിൽ സപ്ലൈസ്, വിദ്യാഭ്യാസം, വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും, നഗര വികസനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടേയും മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗക്കാരുടേയും ക്ഷേമം, പ്രത്യേക പാക്കേജുകൾ (വയനാട്, കാസർകോഡ്, ശബരിമല) സാമൂഹ്യ വികസനവും പഞ്ചായത്തും, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വികസനം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ വാർഷിക പദ്ധതിയേക്കാൾ എത്ര ശതമാനം വർദ്ധനവാണ് ഇത്തവണ വരുത്തിയത് ? | (സി) | കഴിഞ്ഞ വാർഷിക പദ്ധതിയേക്കാൾ 21.34 ശതമാനം തുകയാണ് നടപ്പു വാർഷിക പദ്ധതിയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**